ഒരു പൊതുസർവ്വീസ് രൂപീകരിക്കുമെന്ന് 2006-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട കേരള ഗവർണർ പ്രഖ്യാപിച്ചിരുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ഉദ്യോഗസ്ഥതല സമിതി 21-6-2006-ൽ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന വിവിധ സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് അന്തിമ തീരുമാനങ്ങൾ എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും തത്തുല്യമായതോ സമാനതകളുള്ളതോ ആയ പ്രവൃത്തികളാണ് നടന്നുവരുന്നത്. വിവിധ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല വിവിധ വകുപ്പുകളിലെ ജീവനക്കാരിൽ നിക്ഷിപ്തമാണ്. ജീവനക്കാരിൽ നിലനിൽക്കുന്ന അതിശക്തമായ വകുപ്പ് കാറ്റഗറി വികാരങ്ങൾ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തിയെടുക്കുന്ന എഞ്ചിനീയറിംഗ് ജീവനക്കാരും ഗ്രാമവികസന വകുപ്പിലെ ജീവനക്കാരും അനുബന്ധമായി പ്രവർത്തിക്കുന്ന ഭരണസമിതികളിലെ ജീവനക്കാരും പൊതുവായ സർവ്വീസ് രൂപീകരിക്കുന്നതോടുകൂടി ഇത്തരം വകുപ്പ് കാറ്റഗറി ഭേദത്തിനപ്പുറം പൊതുവായ ഒരു ബോധം ജീവനക്കാരിൽ ഉളവാക്കുന്നതിനും സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നാണ് ഗവൺമെന്റ് കാണുന്നത്. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ദീർഘകാലാടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകളുടെ കാര്യത്തിലും പ്രൊമോഷൻ കാര്യത്തിലും കൂടുതൽ മെച്ചപ്പെട്ട സ്ഥിതിയായിരിക്കും ഇതുവഴി ഉണ്ടാകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനം മെച്ചപ്പെടുത്തുക എന്നതാണ് സംയുക്ത സർവ്വീസ് രൂപീകരിക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

21. മരണപ്പെട്ട കെ. എസ്. നികേഷിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. സി. എം. ദിനേശ് മണി : സർ, സർവ്വീസിലിരിക്കെ മരണപ്പെട്ട കെ. എസ്. നികേഷ് വിവാഹം കഴിഞ്ഞ് മൂന്നുമാസം കഴിയുമ്പോഴാണ് ആത്മഹത്യ ചെയ്യുന്നത്. ഭാര്യ പുനർവിവാഹം നടത്തുകയും ചെയ്തു. മരണാനന്തരാനുകൂല്യം നികേഷിന്റെ മാതാവിന് നൽകണമെന്നും മരണത്തെ സംബന്ധിച്ച് ചില സംശയങ്ങൾ ഉള്ളതിനാൽ വിശദമായ അന്വേഷണം നടത്തണമെന്നുമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, തൃശ്ശൂർ കെഎപി. ഒന്നാം ബറ്റാലിയനിൽ ജോലി ചെയ്തുകൊണ്ടിരുന്ന കെ. എസ്. നികേഷ് 3-7-2011-ൽ ആത്മഹത്യ ചെയ്തു. തുടർന്ന് ഭാര്യ ജിതമോൾക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്ന് പെൻഷൻ അനുവദിച്ചു. നിലവിലുള്ള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പ്രകാരം മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യ, ഭർത്താവ്, മകൻ, മകൾ, എന്നിവരിൽ ഒരാൾക്ക് മുൻഗണനാക്രമത്തിലാണ് ആശ്രിത നിയമനം നൽകേണ്ടത്. അതുകൊണ്ട് മരണമടഞ്ഞ നികേഷിന്റെ സഹോദരന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല. മാത്രമല്ല, മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ ആശ്രിത നിയമന അപേക്ഷ മറ്റ് അനന്തരാവകാശികളുടെ സമ്മതം കൂടാതെ തന്നെ പരിഗണിക്കാവുന്നതാണ്. ശ്രീമതി ജിതാമോൾ 29-6-2008 തീയതി ഒ.പി. നമ്പർ 24462/02 പ്രകാരം കേരളാ ഹൈക്കോടതിയിൽ നിന്ന് ടിയാൾക്ക് അനുകൂലമായ വിധിയും സമ്പാദിച്ചിട്ടുള്ളതാണ്. അതനുസരിച്ച് ശ്രീമതി ജിതാമോളുടെ അപേക്ഷ 7-11-2002 തീയതിയിൽ പോലീസ് ആസ്ഥാനത്തു നിന്ന് സർക്കാരിലേക്ക് അയച്ചിട്ടുള്ളതാണ്. എന്നാൽ ശേഷം നടന്ന അന്വേഷണത്തിൽ ശ്രീമതി ജിതാമോൾ പുനർവിവാഹം ചെയ്തതായും പുനർവിവാഹത്തെത്തുടർന്ന് ജിതേഷിന്റെ മരണാനന്തരാനുകൂല്യങ്ങൾ തനിക്ക് ആവശ്യമില്ലെന്ന് ജിതാമോൾ മൊഴിയും നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിലവിലുള്ള ആശ്രിത നിയമന വ്യവസ്ഥയിലെ അപാകതകൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിതേഷിന്റെ മാതാവ് ശ്രീമതി അമ്മിണി ജോസഫ് സമർപ്പിച്ച പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. പോലീസ് ആസ്ഥാനത്തുനിന്ന് സർക്കാരിന് അയച്ച കത്ത് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

22. ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-യ്ക്ക് പരിക്കേറ്റ സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കഴിഞ്ഞ ദിവസം യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നിയമസഭയിലേക്ക് പിൻവാതിൽ നിയമനങ്ങൾക്കെതിരായി ഒരു നിയമസഭാ മാർച്ച് സംഘടിപ്പിച്ചിരുന്നു. ഞാൻ അന്ന് ഈ സഭയിൽ പങ്കെടുത്ത് എന്റെ നിയോജക മണ്ഡലത്തിലെ ഒരു സബ്മിഷനും ഉന്നയിച്ച ശേഷമാണ് സഭയിൽനിന്നും മാർച്ചിൽ പങ്കെടുക്കാൻ പോയത്. ആ മാർച്ച് നിയമസഭയുടെ മുന്നിൽ യുദ്ധസ്മാരകത്തിന്റെ അടുത്ത് പോലീസ് തടഞ്ഞു. യാതൊരു പ്രകോപനവുമില്ലായിരുന്നു. അതിന്റെ ദൃശ്യങ്ങൾ കണ്ടിട്ടുള്ള അങ്ങേക്ക് അടക്കം അറിയാം, പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ അറിയാം. യാതൊരു പ്രകോപനവുമില്ലാതെ മാർച്ച് സംഭവസ്ഥലത്ത് എത്തിയപ്പോൾത്തന്നെ പോലീസ് ആദ്യം ജലപീരങ്കി ഉപയോഗിച്ചു. അതിനുശേഷം ടിയർഗ്യാസ് പൊട്ടിച്ചു. പിന്നീട് ഗ്രനേഡും പൊട്ടിച്ചു. ഇതൊന്നും പൊട്ടിക്കേണ്ട ഒരു സാഹചര്യവും അവിടെ ഉണ്ടായിരുന്നില്ല. എന്റെ മുന്നിൽ നിന്നുകൊണ്ടു തന്നെയാണ് തലയ്ക്ക് അടിച്ചു വീഴ്ത്തിയത്. നേരിൽ കണ്ടുതന്നെ അടിച്ചതാണ്. എനിക്ക് നെറ്റിയിലാണ് പരിക്ക്. സ്കാൻ ചെയ്ത റിപ്പോർട്ടുണ്ട്. ഇന്റേണൽ ഇഞ്ചുറി ഒന്നുമില്ല. സെല്ലിംഗാണുള്ളത്. 48 മണിക്കൂർ ഒബ്സർവേഷൻ വേണമെന്ന് പറഞ്ഞു. നെറ്റി മുഴച്ചിരിക്കുന്നതുകൊണ്ട് അവിടെ കിടക്കണമെന്ന് പറഞ്ഞു. പക്ഷേ രണ്ടു ദിവസം കൂടി സഭയിൽ വരണമെന്നുള്ളതുകൊണ്ട്